"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കാസറഗോഡ് ജില്ലാ പഞ്ചായത്ത്- ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ CFC Tied Fund -അനുവദനീയമായ കാര്യങ്ങൾക്കായി വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.538/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:-

1. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.
2. 02/12/2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 4.40 നമ്പർ തീരുമാനം.
3. 02/12/2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 3.12 നമ്പർ തീരുമാനം.

**ഉത്തരവ്**

ജലജീവൻ മിഷൻ വഴി എല്ലാ വീട്ടുകളിലും കുടിവെള്ള കണക്ഷൻ നൽകിവരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ CFC-Tied Fund ഉപയോഗിച്ച് ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ കിണർ/കുഴൽ കിണർ നിർമ്മിക്കുന്നതിന് ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം ഭൂജല വകുപ്പ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നിലവിൽ അനുവദിക്കുന്നില്ലെന്നും ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ CFC-Tied Fund ചെലവഴിക്കാനാവാത്ത സ്ഥിതിയാണുള്ളതെന്നും അതിനാൽ ഗ്രാമപഞ്ചാത്തുകൾക്ക് കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയ CFC-Tied Fund താഴെപ്പറയുന്നതിൽ അനുവദനീയമായ കാര്യങ്ങൾക്കായി വകയിരുത്തുന്നതിന് അനുമതി നൽകണമെന്നുമാവശ്യപ്പെട്ടുള്ള കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പരാമർശം 2 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു-

i) ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള CFC-Tied Fund ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന പൈപ്പ് ലൈൻ വലിക്കലും ഗാർഹിക കണക്ഷൻ നൽകലും ജലജീവൻ മിഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കുകയും വേറെ പദ്ധതി തയ്യാറാക്കി ഗ്രാമ പഞ്ചായത്തുകൾ തുക KWA ഡെപ്പോസിറ്റ് ചെയ്യുന്നതിന്.

ii) ഗ്രാമപഞ്ചായത്തുകൾ വിഭാവനം ചെയ്തിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയെ കൊണ്ട് ഏറ്റെടുപ്പിച്ച് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന്.

iii) നിലവിൽ KWA ക്ക് നൽകാൻ കുടിശികയുള്ള വെള്ളക്കരം അടവാക്കുന്നതിന്.

iv) പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾക്ക് പുറമെ നിലവിലുള്ള KWA, കുടിവെള്ള പദ്ധതികളുടെയും ജലസ്രോതസ്സുകളുടെയും നവീകരണം മുതലായ പ്രവൃത്തികൾക്ക് KWA-ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് .

v) ഗുണഭോക്തൃ കമ്മിറ്റികളെ ഏൽപ്പിച്ച പല കുടിവെള്ള പദ്ധതികളും വൈദ്യുതി ചാർജ്ജ് അടക്കാതെയും അറ്റകുറ്റപ്പണി ചെയ്യാതെയും ഉപയോഗപ്രദമല്ലാത്ത അവസ്ഥയാണുള്ളത്. ഇതിന്റെ വൈദ്യുതി കടിശ്ശിക ഒടുക്കുന്നതിന് അനുമതി

vi) ജലജീവൻ മിഷൻ പദ്ധതികൾക്കായി പഞ്ചായത്തുകൾ അടവാക്കേണ്ടതായ

15 % വിഹിതം നൽകുന്നത്

2. മേൽ വിഷയങ്ങൾ സംബന്ധിച്ച് പരാമർശം 2 പ്രകാരം സർക്കാർ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമനമ്പർ 6 ഒഴികെയുള്ള ആവശ്യങ്ങൾക്ക് സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും, പരാമർശം 3 -ലെ പൊതുതീരുമാന പ്രകാരം ജലജീവൻ മിഷനോടൊപ്പം മറ്റു കുടിവെള്ള പദ്ധതികൾ, കുടിവെള്ളവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ, KWA, GWD മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ എന്നിവയും നടപ്പാക്കേണ്ടതും ജലജീവൻ മിഷൻ പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തേണ്ട 15% വിഹിതം വകയിരുത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, കാസറഗോഡ് ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 08-03-2022 11:07:52**
സെക്ഷൻ ഓഫീസർ